## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.249 — 03.02.2020 ൽ മറുപടിക്ക്

## ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ. പ്രദീപ് കുമാർ<br>,, എം. രാജഗോപാലൻ<br>,, ഡി.കെ. മുരളി<br>ശ്രീമതി.വീണാ ജോർജ്ജ് | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആർദ്രം മിഷന്റെ ഫലപ്രദമായ നടത്തിപ്പിനായി ആശുപത്രി ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും പുന:ക്രമീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ആർദ്രം മിഷന്റെ ഫലപ്രദമായ നടത്തിപ്പിനായി ആശുപത്രി ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും പുന:ക്രമീകരിച്ചിട്ടുണ്ട്.<br>18.08.2018 ലെ ജി.ഒ (എം.എസ്) നം.168/2018/ആ.കു.വ പ്രകാരം ഫാർമസിസ്റ്റുമാരുടേയും, 09.10.2017 ലെ ജി.ഒ(ആർ.ടി) നം 2782/2017/ആ.കു.വ പ്രകാരം മെഡിക്കൽ ഓഫീസർമാരുടേയും,09.10.2017 ലെ ജി.ഒ(ആർ.ടി) നം 2783/2017/ആ.കു.വ പ്രകാരം സ്റ്റാഫ് നഴ്സുമാരുടേയും 16.07.2018 ലെ ജി.ഒ(എം.എസ്) നം.134/2018/ആ.കു.വ പ്രകാരം ലാബ് ടെക്നീഷ്യന്റേയും 01.09.2018 ലെ സ.ഉ(അച്ചടി) നം.120/2018/ആ.കു.വ പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടേയും , 29.08.2018 ലെ സ.ഉ(പി) നം. 119/2018/ആ.കു.വ പ്രകാരം ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സുമാരുടേയും, 26.08.2018 ലെ സ.ഉ(അച്ചടി) നം. 118/2018/ആ.കു.വ പ്രകാരം എച്ച്.ഐ മാരുടേയും 23.08.2018 ലെ സ.ഉ(പി) നം.116/2018/ആ.കു.വ പ്രകാരം പബ്ലിക് ഹെൽത്ത് നഴ്സുമാരുടേയും 17.07.2018 ലെ സ.ഉ(കൈ) നം.135/2018/ആ.കു.വ പ്രകാരം ക്ലർക്കുമാരുടേയും ചുമതലകളും ഉത്തരവാദിത്തങ്ങളും പുന: ക്രമീകരിച്ചിട്ടുണ്ട് |
| (ബി) | ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ യഥാസമയം അവലോകനം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിലും, ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ദേശീയ ആരോഗ്യമിഷൻ ഡയറക്ടർ എന്നിവരുടെ തലങ്ങളിലും ആരോഗ്യവകുപ്പ് ഡയറക്ടറുടെ തലത്തിലും പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റി ജില്ലാ തലത്തിലും പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ആർദ്രം മിഷന്റെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജുകളിലും ജനസൗഹൃദ ഒ.പി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ആർദ്രം മിഷന്റെ ഭാഗമായി എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ജന സൗഹൃദ ഒ.പി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. രോഗികൾക്ക് ഇരിക്കാൻ ആവശ്യമായ കസേരകൾ, ശൗചാലയങ്ങൾ, കുടിവെള്ള വിതരണം, ടോക്കൺ സിസ്റ്റം എന്നിവ ക്രമീകരിച്ചിട്ടുണ്ട്. ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി രോഗികൾക്ക് ഓൺലൈനായി ഒ.പി ടിക്കറ്റ് എടുക്കാനുള്ള സൗകര്യം ഒരുക്കി വരുന്നു. |
| (ഡി) | ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുവാൻ എന്തെല്ലാം ഏകോപന പ്രവർത്തനങ്ങളും പ്രചാരണ പരിപാടികളുമാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ട് പോകുന്നതിനോടൊപ്പം പ്രവർത്തനങ്ങളിൽ കൂടുതലായി ജനപങ്കാളിത്തം കൊണ്ടുവരേണ്ടതുണ്ടെന്നും അതിനായി ഒരു സംസ്ഥാനതല ക്യാമ്പയിൻ തുടക്കമിടുന്നും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന മിഷൻ യോഗം തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 18.10.2019 ലെ സ.ഉ(സാധാ) നം.2493/2019/ആ.കു.വ അനുസരിച്ച് താഴെ പറയുന്ന അഞ്ച് മേഖലകൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തന പരിപാടികൾ നടപ്പിലാക്കിയിരിക്കുകയാണ്.<br>1. ആരോഗ്യവർദ്ധക രോഗ പ്രതിരോധ പ്രവർത്തനങ്ങളും ആരോഗ്യസേവനങ്ങളുടെ ഫലപ്രദമായ ഉപയോഗവും ഉറപ്പ് വരുത്തലും<br>2. ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ വ്യാപിപ്പിക്കുക.<br>3. ശാരീരിക വ്യായാമങ്ങളുടേയും കായിക പ്രവൃത്തികളുടേയും പ്രോത്സാഹനം.<br>4. മാനസികാരോഗ്യം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളും ഡി-അഡിക്ഷനും.<br>5. വൃത്തിയും വെടിപ്പും മാലിന്യ നിർമ്മാർജ്ജനവും |

Hari

സെക്ഷൻ ഓഫീസർ